# Parliamentary Delegation from Mongolia calls on the President

December 01, 2021

---

## മംഗോളിയ പാർലിമെന്റ് പ്രതിനിധി സംഘം രാഷ്ട്രപതിയെ സന്ദർശിച്ചു

ഡിസംബർ 01, 2021

സ്റ്റേറ്റ് ഗ്രേറ്റ് ഹുറൽ ഓഫ് മംഗോളിയയുടെ ചെയർമാൻ ശ്രീ ഗോംബോജവ് സന്ദൻഷതരുടെ നേതൃത്വത്തിൽ മംഗോളിയയിൽ നിന്നുള്ള ഒരു പാർലമെന്ററി പ്രതിനിധി സംഘം. , ഇന്ത്യൻ രാഷ്ട്രപതി ശ്രീ രാം നാഥ് കോവിന്ദിനെ ഇന്ന് (ഡിസംബർ 1, 2021) രാഷ്ട്രപതി ഭവനിൽ സന്ദർശിച്ചു.

ഇന്ത്യയും മംഗോളിയയും തമ്മിൽ നാഗരികവും ചരിത്രപരവും ആത്മീയവും സാംസ്കാരികവുമായ ബന്ധങ്ങൾ പങ്കിടുന്നുണ്ടെന്ന് പ്രതിനിധി സംഘത്തെ ഇന്ത്യയിലേക്ക് സ്വാഗതം ചെയ്തുകൊണ്ട് രാഷ്ട്രപതി പറഞ്ഞു. ജനാധിപത്യത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും പൊതുമൂല്യങ്ങളും ആദർശങ്ങളും ഈ ബന്ധങ്ങളെ ശക്തിപ്പെടുത്തുന്നു. മംഗോളിയയുടെ 'മൂന്നാം അയൽരാജ്യം', 'ആത്മീയ അയൽരാജ്യം ' എന്നീ നിലകളിൽ, മംഗോളിയയുമായുള്ള തന്ത്രപരമായ പങ്കാളിത്തം കൂടുതൽ ആഴത്തിലാക്കുന്നതിന് തുടർന്നുള്ള സഹകരണവും ഇന്ത്യ പ്രതീക്ഷിക്കുന്നു.സന്ദർശനം രാജ്യങ്ങൾ തമ്മിലുള്ള ഉഭയകക്ഷി ബന്ധത്തിന് ഊർജം പകരുമെന്ന് അദ്ദേഹം ആത്മവിശ്വാസം പ്രകടിപ്പിച്ചു.

ഇന്ത്യയും മംഗോളിയയും തമ്മിലുള്ള പ്രത്യേക ബന്ധമാണ് ബുദ്ധമതത്തിനു ഉള്ളതെന്ന് രാഷ്ട്രപതി പറഞ്ഞു. ഇന്ത്യയുടെ ശിലാശാസനങ്ങൾക്കായുള്ള ദേശീയ മിഷൻ മംഗോളിയൻ കാഞ്ഞൂർ ശിലാശാസനങ്ങളുടെ അച്ചടി ഏറ്റെടുത്തിട്ടുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഗന്ധൻ മൊണാസ്ട്രിയിൽ ബുദ്ധമതശാസനങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള സഹായം ഇന്ത്യ നൽകുന്നുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഗോള പ്രശ്നത്തെക്കുറിച്ച് സംസാരിച്ച രാഷ്ട്രപതി, കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം പ്രത്യേകിച്ചും നമ്മുടേത് പോലുള്ള വികസ്വര രാജ്യങ്ങളിൽ കൂടുതലായിരിക്കുമെന്ന് അഭിപ്രായപ്പെട്ടു. ഈ പൊതുവെല്ലുവിളി നേരിടാൻ നമ്മൾ ഒരുമിച്ച് പ്രവർത്തിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇന്റർനാഷണൽ സോളാർ അലയൻസിൽ ചേരാൻ മംഗോളിയ തീരുമാനിച്ചതിൽ അദ്ദേഹം സന്തോഷം പ്രകടിപിച്ചു .

മംഗോളിയയിൽ ഇന്ത്യ ഏറ്റെടുത്തിട്ടുള്ള വികസന പദ്ധതികളെക്കുറിച്ച് സംസാരിക്കവെ, മംഗോളിയയിലെ എണ്ണ ശുദ്ധീകരണ പദ്ധതിയുടെ പുരോഗതി

നിരീക്ഷിച്ചു കൊണ്ട് രാഷ്ട്രപതി സന്തോഷം പ്രകടിപ്പിച്ചു . ഇന്ത്യ-മംഗോളിയ ശക്തമായ സഹകരണത്തിന്റെയും നയാതന്ത്ര പങ്കാളിത്തത്തിന്റെയും പ്രതീകമാണ് ഈ പദ്ധതിയെന്ന് അദ്ദേഹം പറഞ്ഞു. മംഗോളിയയുടെ ഊർജ സുരക്ഷ വർധിപ്പിക്കുമെന്നതിനാൽ സമയബന്ധിതമായി പൂർത്തീകരിക്കാൻ ഇന്ത്യ പൂർണമായും പ്രതിജ്ഞാബദ്ധമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കോവിഡ് -19 ന്റെ വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിൽ ഇന്ത്യയും മംഗോളിയയും തമ്മിലുള്ള സഹകരണം ചൂണ്ടിക്കാട്ടി, രണ്ടാം തരംഗത്തിൽ മംഗോളിയ സർക്കാർ ഞങ്ങൾക്ക് നൽകിയ സമയോചിതവും വിലപ്പെട്ടതുമായ പിന്തുണയെ ഞങ്ങൾ അഭിനന്ദിക്കുന്നുവെന്നും രാഷ്ട്രപതി പറഞ്ഞു. വാക്സിനുകളും മരുന്നുകളും വിതരണം ചെയ്യുന്നതിലൂടെ ഇന്ത്യക്ക് മംഗോളിയയെ പിന്തുണയ്ക്കാൻ കഴിയുമെന്നും അദ്ദേഹം സന്തോഷം പ്രകടിപ്പിച്ചു.

**ന്യൂ ഡെൽഹി**

**ഡിസംബർ 01, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.